"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കൊല്ലം ഗവ ചിൽഡ്രൻസ് ഹോമിൽ കഴിയുന്ന ബംഗ്ലാദേശ് സ്വദേശിയായ മുബാറക്ക് എന്ന കുട്ടിയെ സ്വദേശത്തേക്ക് മടക്കി അയക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2024/WCDD തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-

1. വനിത ശിശു വികസന ഡയറക്ടറുടെ 14.06.2024-ലെ No.DWCD/6765/2023-ICPS 2 നമ്പർ കത്ത്
2. കൊല്ലം ജില്ലാ കളക്ടറുടെ 20.06.2024-ലെ DCKLM/6297/2024/M14 നമ്പർ കത്ത്

**ഉത്തരവ്**

ബംഗ്ലാദേശ് സ്വദേശിയായ മാസ്റ്റർ മുബാറക്ക് (17 വയസ്സ്) എന്ന കുട്ടി യാതൊരു രേഖകളും വിസയുമില്ലാതെ ഇന്ത്യൻ പ്രദേശത്ത് പ്രവേശിച്ചതിനെ തുടർന്ന് കൊല്ലം റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 11/2023 Foreigners Act കേസിൽ ഉൾപ്പെടുത്തുകയും ടി കുട്ടിയ്ക്ക് പ്രായപൂർത്തിയാകാത്തതിനാൽ കൊല്ലം ജുവനൈൽ ജസ്റ്റിസ് ബോർഡിൽ ഏൽപ്പിക്കുകയും ബഹു.കൊല്ലം ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ 16/02/2023-ലെ ST/123/2023 നമ്പർ ഉത്തരവ് പ്രകാരം കുട്ടിയെ 20/03/2023-ൽ കൊല്ലം ഗവ.ഒബ്സർവേഷൻ ഹോമിൽ പ്രവേശിപ്പിക്കുകയും തുടർന്ന് കേസ് തീർപ്പാക്കി കൊല്ലം റെയിൽവേ പോലീസിനു കുട്ടിയെ കൈമാറിയതായും, ടി കുട്ടിയെ നാട്ടിലേക്ക് വിടാൻ കഴിയാത്ത സാഹചര്യത്തിൽ കൊല്ലം റെയിൽവേ പോലീസ് 11/10/2023-ന് കൊല്ലം ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ കുട്ടിയെ ഹാജരാക്കുകയും തുടർന്ന് കമ്മിറ്റി കുട്ടിയെ കൊല്ലം ഗവ. ചിൽഡ്രൻസ് ഹോമിൽ 11/10/2023 മുതൽ പാർപ്പിച്ചു വരുകയും ചെയ്യുന്നതായി വനിത ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. കുട്ടിയെ സ്വദേശത്തേക്ക് അയക്കുന്നതിനു വേണ്ടി ബംഗ്ലാദേശ് എംബസിയുമായി കൊല്ലം ഗവ. ചിൽഡ്രൻസ് ഹോം ബന്ധപ്പെടുകയും, സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ബംഗ്ലാദേശ് എംബസി ട്രാവലിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും കുട്ടിയുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് സമർപ്പിക്കുകയും, കമ്മീഷണർ ആയത് റെയിൽവേ പോലീസിന് കൈമാറുകയും ചെയ്തതായും, കുട്ടിയെ സ്വദേശത്തേക്ക് റിപാട്രിയേറ്റ് ചെയ്യുന്നതിനായി 2024 ജൂൺ 24-ന് ടിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്നും Foreigner's Regional Registration Office (FRRO)-ൽ നിന്നും Exit Permit അനുവദിക്കുന്നതിനായി റെയിൽവേ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കുട്ടിയെ സ്ഥാപനത്തിൽ നിന്നും സ്വദേശത്തേക്ക് അയയ്ക്കുന്നതിന് സർക്കാർ അനുമതി വേണമെന്നും ആയതിനുള്ള നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ പരാമർശം (1)-ലെ

പ്രൊപ്പോസലിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. കുട്ടിയെ സ്വദേശത്തെയ്ക്ക് അയക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് കൊല്ലം ജില്ലാ മജിസ്ട്രേറ്റ്/കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വനിത ശിശു വികസന ഡയറക്ടർ, കൊല്ലം ജില്ലാ മജിസ്ട്രേറ്റ്/കളക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ പരിഗണിച്ച്, കൊല്ലം ഗവ.ചിൽഡ്രൻസ് ഹോമിൽ 11/10/2023 മുതൽ പാർപ്പിച്ചു വരുന്ന ബംഗ്ലാദേശ് സ്വദേശിയായ മാസ്റ്റർ മുബാറക് (17 വയസ്സ്) എന്ന കുട്ടിയെ സ്വദേശത്തേക്ക് അയയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

4. ടി വിഷയത്തിൽ കൊല്ലം ജില്ലാ മജിസ്ട്രേറ്റ്/കളക്ടർ, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ എന്നിവർ കൂടി ചേർന്ന് ബാലനീതി മാതൃകാചട്ടങ്ങൾ 2016-ന്റെ ചട്ടം 81(5)-ന് വിധേയമായി നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം

ജില്ലാ മജിസ്ട്രേറ്റ്/കളക്ടർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 21-06-2024 16:24:07